## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2160 — 11.06.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഒ.പി. സംവിധാനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത ജില്ലാ താലൂക്ക് ആശുപത്രികളിൽ ഘട്ടം ഘട്ടമായി ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. 17 ജില്ലാതല ആശുപത്രികളിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുന്നതിന് (ഒ.പി.ട്രാൻസ്ഫോർമേഷൻ) കമ്പ്യൂട്ടർവൽക്കരണം അടക്കമുള്ള കാര്യങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ബഡ്ജറ്റിൽ ലഭ്യമായ 15 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം.ലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അംഗീകൃത ഏജൻസികൾ വഴി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>2017-18-ൽ 14 താലൂക്ക് ആശുപത്രികൾക്കായി 24 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സാമ്പത്തിക വർഷത്തിന്റെ അവസാനം ധനകാര്യ വകുപ്പ് ഈ തുക e-LAMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2018-19 ലേയ്ക്ക് 14 താലൂക്ക് ആശുപത്രികളെക്കൂടി തെരഞ്ഞെടുക്കുകയും, ഈ പ്രവർത്തനത്തിനായി 17.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കാനുള്ള നടപടികൾ എൻ.എച്ച്.എം.വഴി നടന്നു വരുന്നു.<br><br>ആർദ്രം മിഷനിൽ തെരഞ്ഞെടുത്ത ആശുപത്രികളിലെ ഒ.പി.സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ